# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.3954 27.06.2012 ൽ മറുപടിക്ക്

## എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ:<br>,, എം. പി. വിൻസെന്റ്:<br>,, അൻവർ സാദത്ത്:<br>,, സി. പി. മുഹമ്മദ്: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | എൻഡോസൾഫാൻ ഇരയായവർക്ക് ദുരിതാശ്വാസം നൽകാനും അവരുടെ പുനരധിവാസത്തിനുമായി സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.<br>1.മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ 29 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി 26,200 രോഗികളെ സ്ക്രീൻ ചെയ്യുകയും 4,880 രോഗികളെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ പ്പെടുത്തുകയും ചെയ്തു.<br>2. സ്മാർട്ട് കാർഡ് പദ്ധതിയുടെ സഹായത്തോടെ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ സംസ്ഥാനത്തിനകത്തും മംഗലാപുരത്തുമുള്ള 12 ആശുപത്രികളിൽ ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിച്ചു. 3,720 രോഗികൾക്ക് സ്മാർട്ട്കാർഡുകൾ ഇതിനകം നൽകി. 40 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.<br>3. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിന് സൗജന്യ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 11 പഞ്ചായത്തുകൾക്കായി 1 ലക്ഷം |

രൂപ നൽകിയിട്ടുണ്ട്.

4. കിടപ്പിലായ രോഗികൾക്കുള്ള സാന്ത്വന പരിചരണ സംവിധാനങ്ങൾ ഏർപ്പെടുത്തി.

5. എൻഡോസൾഫാൻ ദുരിത ബാധിതമായ 11 പഞ്ചായത്തുകളിൽ മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാണ്. ഡോക്ടർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ഇതുവഴി ലഭ്യമാക്കി വരുന്നു.

6. കാസർഗോഡ് ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി.

7. പൂർണ്ണമായി കിടപ്പിലായവർക്ക് 2,000/- രൂപയും അല്ലാത്തവർക്ക് 1,000/- രൂപയും പ്രതിമാസം പെൻഷൻ ഏർപ്പെടുത്തി.

8. ദുരിതബാധിതർക്ക് സൗജന്യ റേഷൻ ഏർപ്പെടുത്തി.

9. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 1.17 കോടി രൂപ അനുവദിച്ചു.

10. എൻഡോസൾഫാൻ ദുരിത ബാധിതരുടെ ചികിത്സയ്ക്കായി 22 സ്റ്റാഫ് നഴ്സ്, 69 ഫീൽഡ് സ്റ്റാഫ്, 11 ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനം 11 പഞ്ചായത്തുകളിൽ ലഭ്യമാക്കി.

11. കേരളാ സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന 1808 കുട്ടികൾക്ക് 1000, 2000, 2500 രൂപ നിരക്കുകളിൽ 2011-12 അദ്ധ്യയന വർഷം സ്കോളർഷിപ്പ് നൽകി.

| | | | |
|---|---|---|---|
| | | | 12. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം പൂർണ്ണമായി കിടപ്പിലായ രോഗികൾക്ക് 5 ലക്ഷം രൂപയും , മറ്റ് വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപയും നൽകാൻ ഉത്തരവായി.<br>13.എൻഡോസൾഫാൻ രോഗികളുടെ പുനരധി വാസത്തിനായി 7 ബഡ്സ് സ്കൂളുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചു. |
| (ബി) | ഇതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം ആലോചിക്കുമോ ; | (ബി) & (സി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടി ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും പാക്കേജ് നടപ്പിലാക്കുവാനും തീരുമാനിച്ച് 26.05.2012 ലെ സ.ഉ(എം.എസ്) നം.147/12/ ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>i) പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപ അനുവദിക്കാനും അതിൽ 3 ലക്ഷം രൂപ 2 ഗഡുക്കളായി നൽകുവാനും ബാക്കി 2 ലക്ഷം രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് മാസം 2000 രൂപ വീതം 5 വർഷത്തേക്ക് നൽകുവാനും 5 വർഷത്തിനുശേഷം 2 ലക്ഷം രൂപ മടക്കി നൽകാനും ഉത്തരവായി.<br>ii) മറ്റു ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ അനുവദിക്കാനും അതിൽ 2 ലക്ഷം രണ്ട് ഗഡുക്കളായി നൽകുവാനും ബാക്കി ഒരു ലക്ഷം രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാനും മാസം 1000 രൂപ വീതം 5 വർഷത്തേക്ക് നൽകുവാനും 5 വർഷത്തിനുശേഷം 1 ലക്ഷം രൂപ മടക്കി നൽകാനും ഉത്തരവായി . |
| (സി) | മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ച് പാക്കേജ് നടപ്പാക്കുമോ ; | | |

| | | | |
|---|---|---|---|
| (ഡി) | പാക്കേജ് നടപ്പാക്കാനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) | പാക്കേജിനാവശ്യമായി വരുന്ന തുകയുടെ ആദ്യ ഗഡു (50% ആയി നിജപ്പെടുത്തി) പ്ലാന്റേഷൻ കോർപ്പറേഷൻ വഹിക്കേണ്ടതും ബാക്കിയുള്ള 50% സർക്കാർ അടുത്ത ഘട്ടത്തിൽ വഹിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ